ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.08.2025**

## പ്രധാനവാർത്തകൾ

1. 79 ആം സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു നാളെ വൈകിട്ട് രാജ്യത്തെ അഭിസംബോധന ചെയ്യും.

2. സംസ്ഥാനത്ത് മാധ്യമസ്വാതന്ത്ര്യത്തിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നു എന്ന പ്രചാരണം അടിസ്ഥാനരഹിതമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

3. സർക്കാർ അഭിഭാഷകരുടെ വേതനം മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം.

4. സംസ്ഥാന കർഷക അവാർഡുകൾ പ്രഖ്യാപിച്ചു. മീനങ്ങാടി ഗ്രാമപഞ്ചായത്തും, താനാളൂർ കൃഷി ഭവനും പുരസ്കാരങ്ങൾ സ്വന്തമാക്കി.

5. ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ സ്ഥിരം വൈസ് ചാൻസലർ നിയമനത്തിനായി സുപ്രീംകോടതി സെർച്ച് കമ്മിറ്റി രൂപീകരിക്കും

RNUTVPM

6. സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

## സ്വാതന്ത്ര്യദിനാഘോഷം

79 ആം സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു നാളെ വൈകുന്നേരം 7 ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ മറ്റന്നാൾ രാവിലെ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. ചുവപ്പ് കോട്ടയിൽ ദേശീയപതാക ഉയർത്തിയ ശേഷം പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യും. സെൻട്രൽ സ്റ്റേഡിയത്തിൽ മറ്റന്നാൾ രാവിലെ ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങളുടെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. തുടർന്ന് അദ്ദേഹം സ്വാതന്ത്ര്യദിന സന്ദേശവും നൽകും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാപതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി സമ്മാനിക്കും. ജില്ലകളിൽ നടക്കുന്ന ആഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാജ്യത്ത് നടന്നു വരുന്ന ഹർഘർ തിരംഗ പ്രചാരണ പരിപാടിക്ക് ജനങ്ങളിൽ നിന്നും മികച്ച സ്വീകരണമാണ് ലഭിക്കുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി- മാധ്യമസ്വാതന്ത്ര്യം

സംസ്ഥാനത്ത് മാധ്യമസ്വാതന്ത്ര്യത്തിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നു എന്ന പ്രചാരണം അടിസ്ഥാനരഹിതമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അത്തരം ഒരു നീക്കവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് പുറത്തിറക്കിയ വാർത്താ കുറിപ്പിൽ പറയുന്നു. 'കേര' പദ്ധതിക്ക് ലോകബാങ്ക് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അതീവരഹസ്യ സ്വഭാവത്തിലുള്ള കത്തിൻറെ പകർപ്പ് മാധ്യമങ്ങളിൽ വരാൻ ഇടയായ സാഹചര്യത്തെ പറ്റി സർക്കാർ അന്വേഷണം നടത്തും. അതീവ രഹസ്യ സ്വഭാവത്തിലുള്ള ഇത്തരം കത്തുകൾ ചോരുന്നത് സർക്കാരിൻറെ വിശ്വാസ്യത ചോർച്ചക്ക് കാരണമാവും. അത്തരം ഒരു വീഴ്ച്ച എങ്ങനെ ഉണ്ടായി എന്ന് മനസിലാക്കുന്നത് സർക്കാരിൻറെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണെന്നും വാർത്താകുറിപ്പിൽ വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## മന്ത്രിസഭാ യോഗം

സർക്കാർ അഭിഭാഷകരുടെ വേതനം വർദ്ധിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം. വേതന വർദ്ധനയ്ക്ക് 2022 ജനുവരി ഒന്നു മുതൽ പ്രാബല്യം ഉണ്ടാകും. നിപ്പ ബാധയേറ്റ് ഒന്നര വർഷത്തോളമായി അബോധാവസ്ഥയിൽ കഴിയുന്ന ആരോഗ്യപ്രവർത്തകൻ ടിറ്റോ തോമസിന്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 17 ലക്ഷം രൂപ ധനസഹായം നൽകാനും മന്ത്രിസഭ തീരുമാനിച്ചു. വി ആർ കൃഷ്ണയ്യർ സ്മാരക സ്റ്റേഡിയം തലശ്ശേരി നഗരസഭയ്ക്ക് 10 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കാനും തീരുമാനമായി.

&&&&&&&&&&&&&&&&&&

## പി.പ്രസാദ് - കർഷക അവാർഡുക ൾ (intro)

സംസ്ഥാന കർഷക അവാർഡുകൾ കൃഷി മന്ത്രി പി.പ്രസാദ് പ്രഖ്യാപിച്ചു. മീനങ്ങാടി ഗ്രാമപഞ്ചായത്തും, താനാളൂർ കൃഷി ഭവനും, തുമ്പിടി കരിപ്പായി പാടശേഖര നെല്ലുൽപാദക സമിതിയും വിവിധ വിഭാഗങ്ങളിൽ പുരസ്കാരങ്ങൾ സ്വന്തമാക്കി.അബ്ബണ്ണൂർ ഊരും അടിച്ചിൽത്തൊട്ടി ഉന്നതിയും ജൈവകൃഷി നടത്തുന്ന ആദിവാസി ഊരിനുള്ള പുരസ്കാരങ്ങൾ സ്വന്തമാക്കി. കർഷക ദിനാഘോഷത്തിൻറെ ഉദ്ഘാടനവും, അവാർഡ് വിതരണവും മുഖ്യമന്ത്രി പിണറായി വിജയൻ ചിങ്ങം ഒന്നായ ഞായാറാഴ്ച തൃശ്ശൂരിൽ നിർവഹിക്കുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## സെർച്ച് കമ്മറ്റി

സംസ്ഥാനത്തെ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ സ്ഥിരം വൈസ് ചാൻസലർ നിയമനത്തിനായി സുപ്രീംകോടതി സെർച്ച് കമ്മിറ്റി രൂപീകരിക്കും. അഞ്ചംഗ സെർച്ച് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട നാല് അംഗങ്ങളുടെ പേരുകൾ കൈമാറാൻ കേരള സർക്കാരിനോടും ചാൻസലറായ ഗവർണറോടും സുപ്രീംകോടതി നിർദേശിച്ചു. UGC പ്രതിനിധിയും സെർച്ച് കമ്മിറ്റിയിലുണ്ടായിരിക്കും. ജസ്റ്റിസ് ജെ ബി പർദിവാല, ജസ്റ്റിസ് ആർ മഹാദേവൻ എന്നിവരുടെ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. വിഷയം സുപ്രീംകോടതി നാളെ വീണ്ടും പരിഗണിക്കും.

&&&&&&&&&&&&&&&&&&

RNU TVPM

## ജോർജ് കുര്യൻ

കോതമംഗലത്ത് യുവതി ആത്മഹത്യ ചെയ്ത സംഭവത്തിൽ എൻഐഎ അന്വേഷണം വേണമെന്ന ആവശ്യത്തിൽ ഇടപെടാൻ കേന്ദ്ര സർക്കാരിന് പരിമിതികൾ ഉണ്ടെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. എഫ്ഐആറിലെ വകുപ്പുകളുടെ അടിസ്ഥാനത്തിൽ ആണ് തീരുമാനം എടുക്കുക. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആണ് തീരുമാനം എടുക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ലവ് ജിഹാദ് എന്ന വാക്ക് നിയമപരമായി നിർവചിക്കപ്പെട്ടിട്ടില്ലെന്നും അതിനാൽ അത് തെളിയിക്കാൻ കഴിയില്ലെന്നും കേന്ദ്രസഹമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## കെ-സോട്ടോ ക്യാമ്പയിൻ-വീണാ ജോർജ്-

RNI TVPM

മരണാനന്തര അവയവ ദാതാക്കളെ അനുസ്മരിക്കുകയും, കുടുംബാംഗങ്ങളെ ആദരിക്കുകയും ചെയ്യുന്ന സ്മൃതി വന്ദനം പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് തിരുവനന്തപുരം ടാഗോർ തീയറ്ററിൽ നിർവഹിച്ചു. 122 കുടുംബങ്ങളെ ചടങ്ങിൽ ആദരിച്ചു. അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനായാണ് ഈ സർക്കാരിന്റെ കാലത്ത് കെ സോട്ടോ രൂപീകരിച്ചതെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ഇതിലൂടെ ഇതുവരെ 389 മരണാനന്തര അവയവദാനം നടന്നതായും, 1120 പേർക്ക് പുതിയ ജീവിതം ലഭിച്ചതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## നേവി ബാൻഡ്

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി വ്യോമസേനാ ബാൻഡ് മറ്റന്നാൾ വൈകുന്നേരം 6.30 ന് തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ സംഗീത വിരുന്നൊരുക്കും. പൊതുജനങ്ങൾക്ക് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. നാവികസേനയുടെ ബാൻഡ് പ്രകടനം എറണാകുളത്തെ ഇന്ന് കേരള ഫൈൻ ആർട്സ് സൊസൈറ്റി ഹാളിലും നാളെ ഫോർട്ട് കൊച്ചിയിലെ ഇന്ത്യൻ നേവി മാരിടൈം മ്യൂസിയത്തിലും നടക്കുന്നുണ്ട്. ഏഴിമല നാവിക അക്കാദമിയുടെ ബാൻഡ് പ്രകടനം കണ്ണൂർ പയ്യന്നൂരിലെ ഷേണോയ് സൗൺ സ്ക്വയറിൽ ഇന്ന് അരങ്ങേറും.

&&&&&&&&&&&&&&&&&&

## മെമു

നിലമ്പൂർ-ഷൊർണൂർ റെയിൽവേ സ്റ്റേഷനുകളെ ബന്ധിപ്പിച്ച് മെമു സർവീസ് ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ഇത് സംബന്ധിച്ച് കേന്ദ്രമന്ത്രി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിന് കത്തയച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## വി ശിവൻകുട്ടി

മാനേജ്മെൻറ് തർക്കങ്ങളുടെ പേരിൽ സംസ്ഥാനത്തെ ഒരു സ്കൂളും അടച്ചിടാൻ അനുവദിക്കില്ലെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. വിദ്യാർത്ഥികളുടെ അധ്യയനം മുടക്കുന്ന ഒരു നടപടിയും അംഗീകരിക്കില്ല. ഇത്തരം സാഹചര്യങ്ങളിൽ കർശനമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## സുനിൽ കുമാർ

തൃശൂരിലെ വോട്ടർപട്ടികയുമായി ബന്ധപ്പെട്ട പരമാർശങ്ങളിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് കൃത്യമായ മറുപടി നൽകിയതായി സി പി ഐ നേതാവ് വി എസ് സുനിൽകുമാർ. വിഷയത്തിൽ സത്യവാങ്മൂലം നൽകണമെന്ന നോട്ടീസ് തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയത് ചട്ടവിരുദ്ധമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ- തൃശൂർ

കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിക്കെതിരായ വ്യാജ പ്രചാരണങ്ങൾ ഗൂഢാലോചനയുടെ ഭാഗമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. തിരഞ്ഞെടുപ്പ് വിജയത്തെ ചോദ്യം ചെയ്യുകൊണ്ടുള്ള ആരോപണങ്ങൾ ജനശ്രദ്ധ തിരിച്ചുവിടാൻ നടത്തുന്ന ശ്രമങ്ങളാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം തൃശൂരിലെ വോട്ടർ പട്ടിക ക്രമക്കേട് സംബന്ധിച്ച ആരോപണങ്ങളിൽ ഊർജിത അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആവശ്യപ്പെട്ടു.

RNU TVPM

&&&&&&&&&&&&&&&&&&

## ബിജെപി-മാർച്ച്-കെ.സുരേന്ദ്രൻ

ബിജെപി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽനടന്ന തൃശ്ശൂർ കമ്മീഷണർ ഓഫീസ് മാർച്ച് ബിജെപി മുൻ സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ ഓഫീസിന് നേരെ ആക്രമണം നടത്തിയവർക്കെതിരെ എത്രയും പെട്ടെന്ന് നടപടിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു .

&&&&&&&&&&&&&&&&&&&

## ടൂറിസ്റ്റ് ബസ് അപകടം

ഇടുക്കിയിൽ ടൂറിസ്റ്റ് മിനി ബസ് മറിഞ്ഞ് അപകടം. തമിഴ്നാട് രജിസ്ട്രേഷനിൽ ഉള്ള വാഹനമാണ് ഉടുമ്പഞ്ചോല വട്ടക്കണ്ണിപാറയിൽ അപകടത്തിൽ പെട്ടത്. ഒരാളുടെ നില ഗുരുതരമാണ്. 19 പേരാണ് വാഹനത്തിൽ ഉണ്ടായിരുന്നത്.

&&&&&&&&&&&&&&&&&&&

## അതിദാരിദ്ര്യ മുക്ത ജില്ല -കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയെ നാളെ അതിദാരിദ്ര്യ മുക്ത ജില്ല ആയി പ്രഖ്യാപിക്കും. ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി എം.ബി രാജേഷ് പ്രഖ്യാപനം നടത്തും. സംസ്ഥാനത്താദ്യമായി അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിച്ച കുറ്റിയാട്ടൂർ ഗ്രാമപഞ്ചായത്ത്, എടക്കാട് ബ്ലോക്ക്പഞ്ചായത്ത്, ധർമ്മടം നിയമസഭാ മണ്ഡലം എന്നിവ കണ്ണൂർ ജില്ലയിലാണ്.

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ...**

**(വോയിസ്)**

&&&&&&&&&&&&&&&&&&&

## വിലങ്ങാട് ഉരുൾപ്പൊട്ടൽ-മൊറട്ടോറിയം

വിലങ്ങാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിനിരയായവർക്ക് സർക്കാർ പ്രഖ്യാപിച്ച ബാങ്ക് വായ്പകൾക്കുള്ള മൊറട്ടോറിയം മാറ്റമില്ലാതെ തുടരുമെന്ന് കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിങ് . വിലങ്ങാട് പുനരധിവാസ പ്രവൃത്തികൾ അവലോകനം

ചെയ്യുന്നതിനായി ചേർന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

## സർവ്വകക്ഷി യോഗം

കണ്ണൂർ ഇരിട്ടി അണക്കെട്ടുമായി ബന്ധപ്പെട്ട ബഫർ സോൺ വിഷയത്തിൽ മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ നാളെ തിരുവനന്തപുരത്ത് സർവ്വകക്ഷി യോഗം ചേരും. ഇരിട്ടി അണക്കെട്ടിൽ ബഫർ സോൺ പ്രഖ്യാപിച്ച ഉത്തരവ് സർക്കാർ പിൻവലിച്ചിട്ടും വീടു നിർമാണങ്ങൾക്ക് ഉൾപ്പെടെ ജലസേചന വിഭാഗം നിരാക്ഷേപപത്രം നൽകാത്തതിൽ പരാതിയുയർന്ന സാഹചര്യത്തിലാണ് യോഗം .

PRD TVPM

&&&&&&&&&&&&&&&&&&

## മഴ കേരളം

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട സാഹചര്യത്തിൽ കേരളത്തിൽ അടുത്ത 5 ദിവസം മഴയ്ക്ക് സാധ്യത. ആലപ്പുഴ ജില്ലയിൽ ഇന്നും, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നും നാളെയും, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നാളെയും മറ്റന്നാളും കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 15 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദേശമുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&